(ബി & സി) ഈ ആക്ടിലെ സെക്ഷൻ 8 പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ ഏതെങ്കിലും സെക്ഷൻ നടപ്പിലാക്കുന്നതിന് പ്രത്യേക ചട്ടം ഉണ്ടാക്കണമെന്ന് ആക്ട് അനുശാസിക്കുന്നില്ല. അതിനാൽ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഇടനിലക്കാരെ ഒഴിവാക്കി പാടശേഖര സമിതികളിൽ നിന്നും നെല്ല് സംഭരിക്കാൻ നടപടി

17 [*172] ശ്രീ. വി. ചെന്താമരാക്ഷൻ :

,, വി. കെ. ചന്ദ്രൻ :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സീസണിൽ നെല്ല് സംഭരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) ഇടനിലക്കാരെ ഒഴിവാക്കി പാടശേഖര സമിതികളിൽ നിന്നും നെല്ല് നേരിട്ട് സംഭരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞ തവണ നെല്ല് സംഭരിച്ച വകയിൽ നൽകേണ്ട സംഭരണ സബ്സിഡിയും ഇൻസെന്റീവും ഇതുവരെ കൊടുത്തിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഇനത്തിൽ എന്തു തുകയാണ് നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ തവണത്തെ നെല്ലു സംഭരണ വില എത്രയായിരുന്നു എന്നത് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സീസണിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്. അതിനായി കർഷകരിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞു. നെല്ല് സംഭരിച്ച് അരിയാക്കി നൽകുന്നതിന് 89 മില്ലുകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ നിന്ന് ഇതുവരെ 30 മില്ലുകളുമായി കരാർ ഒപ്പ് വയ്ക്കുകയും ഇവർക്ക് ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നാണ് നെല്ല് സംഭരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സീസണിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നേരിട്ടാണ് നെല്ല് സംഭരിക്കുന്നത്.

(സി & ഡി) കഴിഞ്ഞ തവണ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ള നെല്ലിന്റെ വില പൂർണ്ണമായും നൽകി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ വിവിധ സംഭരണ ഏജൻസികൾക്ക് കൊടുത്തു തീർക്കുവാനുള്ള 9,97,88,811 രൂപ ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുന്നു.

(ഇ) കിന്റലിന് 700 രൂപയായിരുന്നു സംഭരണവില.

പ്രൈവറ്റ് രജിസ്ട്രേഷന് കേരള സർവ്വകലാശാല ഈടാക്കുന്ന ഫീസ്

18 [*173] ശ്രീ. എ. കെ. മണി:

., ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിഗ്രി കോഴ്സിനുള്ള പ്രൈവറ്റ് രജിസ്ട്രേഷന് കേരള സർവ്വകലാശാല ഈടാക്കുന്ന ഫീസ് എത്രയാണ്;

(ബി) നിശ്ചിത തീയതിക്കുശേഷം രജിസ്റ്റർ ചെയ്യുന്നതിന് ഈടാക്കുന്ന പിഴയെത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിശ്ചിത തീയതിക്കുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർ പൊതുവെ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരായതിനാൽ ഒരു വലിയ തുക രജിസ്ട്രേഷനുള്ള പിഴയായി നിശ്ചയിച്ചിരിക്കുന്നത് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ഫീസ് നിരക്ക് ചുവടെ ചേർത്തിരിക്കുന്നു:

1.	പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് ..	450	രൂപ
2.	അഫിലിയേഷൻ ഫീസ് ..	200	രൂപ
3.	റെക്കഗ്നിഷൻ ഫീസ് ..	200	രൂപ
4.	മെട്രിക്കുലേഷൻ ഫീസ് ..	50	രൂപ
5.	എലിജിബിലിറ്റി ഫീസ് ..	100	രൂപ
	ആകെ ..	1000	രൂപ

(ബി) സെപ്റ്റംബർ 30 ആണ് ഫീസടക്കുന്നതിനുള്ള അവസാന തീയതി. അതിനുശേഷം ഒക്ടോബർ 17 വരെ 50 രൂപ, ഒക്ടോബർ 24 വരെ 250 രൂപ, ഡിസംബർ 24 വരെ 450 രൂപ എന്നിവയാണ് പിഴ നിരക്കുകൾ.

(സി) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly